# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P10-24/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P10-24/22 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2020 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 06-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-12-2021 | 06-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ് വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രജനി ബാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഗീതമ്മ.എ.കെ | സെക്രട്ടറി-ഇന്‍-ചാര്‍ജ്ജ് | 01-04-2019 | 09-04-2019 |
| ശ്രീ.ഷേയ്ക്ക്ബിജു.സി.എസ് | സെക്രട്ടറി | 10-04-2019 | 31-03-2020 |

## നിര്‍വ്വഹണഉദ്യോഗസ്ഥര്‍

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദീപ.എസ് | കൃഷി ഓഫീസര്‍ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദിവ്യ ചന്ദ്രന്‍ | വെറ്ററിനറി സര്‍ജ്ജന്‍ | 01-04-2019 | 31-03-2020 |
| ശ്രീമതി.എലിസബത്ത് രാജന്‍ | മെഡിക്കല്‍ ഓഫീസര്‍ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി.മരിയ തെരേസ പി.ജെ | മെഡിക്കല്‍ ഓഫീസര്‍, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയ ഭാസ്കര്‍ | മെഡിക്കല്‍ ഓഫീസര്‍, ആയുര്‍വ്വേദം | 01-04-2019 | 06-06-2019 |
| | | 07-08-2019 | 31-03-2020 |
| ഡോ.ഹരജ എസ്.ആര്‍ | മെഡിക്കല്‍ ഓഫീസര്‍, ആയുര്‍വ്വേദം | 07-06-2019 | 06-08-2019 |
| ശ്രീമതി.സതീഷ് കുമാര്‍ കെ | വില്ലേജ് എക്സ്റ്റെന്‍ഷന്‍ ഓഫീസര്‍, നീലമ്പേരൂര്‍ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയലക്ഷ്മി ജി | വില്ലേജ് എക്സ്റ്റെന്‍ഷന്‍ ഓഫീസര്‍, | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനികുമാരി കെ.എസ് | ഹെഡ്മിസ്ട്രസ്, ജി.ആര്‍.വി.എല്‍.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗീതമ്മ.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.അജിത അനീഷ് | അസിസ്റ്റന്റ് എഞ്ചിനീയര്‍ | 01-04-2019 | 12-06-2019 |
| | | 11-12-2019 | 31-03-2020 |
| ശ്രീമതി.രജിമോള്‍ | അസിസ്റ്റന്റ് എഞ്ചിനീയര്‍ | 13-06-2019 | 10-12-2019 |
| ശ്രീമതി.രാജിമോള്‍ | ഡയറി ഫാം ഇന്‍സ്ട്രക്ടര്‍ | 01-04-2019 | 07-02-2020 |
| ശ്രീമതി.സിനി എസ് നായര്‍ | ഡയറി ഫാം ഇന്‍സ്ട്രക്ടര്‍ | 08-02-2020 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 04-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 04-01-2022)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-1-1 |
| 3 | വാർഷികധനകാര്യ പത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 19-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-01-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-4 |
| 7 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Lekha (Auditor, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: C.C Jyothimon (Audit Officer, On 04-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-9 |
| 13 | വസ്തുനികുതി നിർണ്ണയം - ആവശ്യമായ വർദ്ധനവില്ല<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-10 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-11 |
| 15 | സ്ട്രീറ്റ് വാട്ടർ ചാർജ്ജ്-കുടിശ്ശിക പെരുകുന്നു<br>Written By: Sreekanth C.S (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-12 |
| 16 | എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-മുൻകൂർ കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-13 |
| 17 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല | 1-14 |

| | | |
|---|---|---|
| | Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | |
| 18 | കാലിത്തീറ്റ സബ്സിഡി- സബ്സിഡിയിൽ അധികരിച്ച് തുക നൽകി<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-15 |
| 19 | ചെലവ് വിവരങ്ങളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-16 |
| 20 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-17 |
| 21 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-18 |
| 22 | ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-19 |
| 23 | അംഗൻവാടി ജീവനക്കാരുടെ വേതനം - പ്രാദേശിക സർക്കാർ വിഹിതം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-20 |
| 24 | കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ - ഉപകരണങ്ങൾ പൂർണമായും ലഭ്യമാവാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-21 |
| 25 | പഞ്ചായത്തിന്റെ ചെലവുകളെല്ലാം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതു സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-22 |
| 26 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനവിനിയോഗ സാക്ഷ്യപത്രം- ഹാജരാക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-23 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി നിർണ്ണയം - ആവശ്യമായ വർദ്ധനവില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 2-1 |
| | **ഭാഗം 3** | |
| 1 | കാലിത്തീറ്റ സബ്സിഡി-സബ്സിഡിയിൽ അധികരിച്ച് തുക നൽകി<br>Written By: Lekha (Auditor, On 24-02-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-01-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-01-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: C.C Jyothimon (Audit Officer, On 06-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 8.2.2019 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 05.3.2020ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| റിവൈസ്ഡ് ബജറ്റ് പ്രകാരം | 15,70,23,500 | 15,69,78,500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റീച്ചർ പത്രിക) | 7,26,68,096 | 7,52,28,677 |

## 1-1-1 ബജറ്റ് അവലോകനം

2019-20 വർഷത്തെ ബജറ്റ് 8.02.2019 ൽ പാസാക്കിയിട്ടുണ്ട്. 5.3.2020ലെ 1-ാം നമ്പർ തീരുമാനപ്രകരാം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിൽ തുക വകയിരുത്തിയില്ല

താഴെപ്പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതായും ചെലവ് ചെയ്തിട്ടില്ലാത്തതായും കാണുന്നു.

| ക്രമ നമ്പർ | ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ഹെഡ് | ഹെഡിന്റെ വിവരണം |
|---|---|---|
| 1. | 2503010 | വ്യവസായ സഹകരണ മേഖല |
| 2. | 2503014 | പരമ്പരാഗത കൈത്തൊഴിലുകൾ |
| 3. | 2531006 | ആശ്രയ പദ്ധതി |
| 4. | 2516201 | ഊർജ്ജ സംരക്ഷണം |

3.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

4.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

5.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | 250200301 | ഫ്ലഡ് കൺട്രോൾ ചെലവുകൾ | 00 | 00 | 45,942/- | ബജറ്റിൽ വകയിരുത്തിയില്ല. എന്നാൽ തുക ചെലവഴിച്ചു. |
| 2 | 230400101 | വാടക Hire Charges | 50,000/- | 40,000/- | 57568 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/01.01.2022) ലഭ്യമാക്കിയ മറുപടിയിൽ 2022-23 ലെ ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നതായും, പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കാര്യങ്ങൾക്ക് വരും വർഷങ്ങളിൽ ഭരണസമിതി തീരുമാനത്തിന് വിധേയമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ ബജറ്റിന്റെ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റേയും ബജറ്റിന്റെ പരിശോധന സംബന്ധിച്ച് ബന്ധപ്പെട്ട പെർഫോമൻസ് ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചു. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികമായി വാഹന വാടകയിനത്തിൽ ചെലവഴിച്ചത് സംബന്ധിച്ച് അധികം ചെലവഴിച്ചതുക പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തിട്ടുണ്ടെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. തനത് ഫണ്ടിൽ നിന്നായാലും പ്ലാൻ ഫണ്ടിൽ നിന്നായാലും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവഴിക്കാതിരിക്കുവാനും ബജറ്റിന്റെ റിവിഷൻ സമയത്ത് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 21.05.2020 | ഇല്ല | ഇല്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക- ന്യൂനതകൾ

1.ട്രഷറി മങ്കൊമ്പ് എസ്.റ്റി.എസ്.ബി ജോയന്റ് വെഞ്ചർ എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ 31.10.2019 തീയതിയിൽ ലഭിച്ച 100000/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുക ക്രമീകരിച്ചിട്ടില്ല.

2. സൌത്ത് ഇന്ത്യൻ ബാങ്ക് നീലംപേരൂർ (തനത് ഫണ്ട്) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 30.09.2019 | 2639 |
| 2 | 31.10.2019 | 728 |
| 3 | 31.10.2019 | 6250 |
| 4 | 31.12.2019 | 181670 |
| 5 | 14.01.2020 | 20500 |
| 6 | 24.01.2020 | 18200 |
| 7 | 29.02.2020 | 33217 |

മേൽ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 31.08.2019 | 357 |
| 2 | 30.11.2019 | 69782 |

| | | |
|---|---|---|
| 3 | 31.01.2020 | 120005 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ രണ്ട് പട്ടികകളിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

മേൽ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented Into Bank എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധിക്കുള്ളിൽ(3 മാസം) മാറിയിട്ടില്ലായെന്ന് കാണുന്നു.

(A)ചെക്ക് നം.7961 തീ.08.11.2019 തുക 1492/- രൂപ

(B)ചെക്ക് നം.7962 തീ.15.11.2019തുക 44291/- രൂപ

(C)ചെക്ക് നം.1962തീ.15.11.2019- തുക 1716/- രൂപ

(D)ചെക്ക് നം.7963 തീ.15.11.2019തുക 8750/- രൂപ

(E)ചെക്ക് നം.7964 തീ.18.11.2019തുക 13514/- രൂപ

(F)ചെക്ക് നം.4567 തീ.13.08.2019തുക 753/- രൂപ

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേയ്ക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരുന്നിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3.നാഷണലൈസ്ഡ് ബാങ്ക്-1 (450210101) എന്ന അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ അക്കൌണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

4.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Festival Advance ഇനത്തിൽ 6000/-രൂപ ആസ്തിയായി കാണിച്ചിരിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻവർഷത്തേതുൾപ്പെടെ ആകെ 18000/-രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

5.അഡ്വാൻസ് രജിസ്റ്ററിൽ അദർ അഡ്വാൻസസ്, അഡ്വാൻസ് റ്റു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ്, , അഡ്വാൻസ് റ്റു അദേഴ്സ് എന്നിവയുടെ വിവരം ശരിയായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 പ്രകാരം License Fees For Dangerous & Offensive Trades എന്നയിനത്തിൽ തൻവർഷ ഡിമാന്റ് 10110/- രൂപയെന്ന് കാണുന്നു. എന്നാൽ രജിസറ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 116150/- രൂപയാണ് (മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള 42700/- രൂപ അഡ്വാൻസ് കളക്ഷൻ ഉൾപ്പെടെ).

7.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Receivables Of License For Dangerous & Offensive Trades (Current) ഇനത്തിൽ 58410/-രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 73450/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. തൻ വർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം അഡ്വാൻസ് കളക്ഷൻ 1600/- രൂപ മാത്രമാണ്.

9.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1 പ്രകാരം Profession Tax-Employees ഇനത്തിൽ 386390/-രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 412890/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

10.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-32 പ്രകാരം Secured Loans ഇനത്തിൽ തൻവർഷം 5640000/-രൂപയുടെ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 1740000/-രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

11. ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവിനത്തിൽ തൻവർഷത്തെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക (926471/-രൂപ) ഇൻകം & എക്സപന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(a)-യിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

12.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം Secured Loans ഇനത്തിൽ 17440000/-രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ലോൺ തുക

12613529/-രൂപയെന്ന് കാണുന്നു.

13.വസ്തു നികുതി ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14.വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വരവ്- 29801294

എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം-30726000

15.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം വിവിധ ക്ഷേമപെൻഷൻ ഇനത്തിൽ തൻവർഷം രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ സേവനയിൽ നിന്നുള്ള റിപ്പോർട്ടുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | സേവനയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരമുള്ള തുക |
|---|---|---|
| National Old Age Pension | 3660900 | 5166300 |
| Pension For Agricultural Workers | 5154600 | 7225800 |
| Widow Pension | 1950600 | 2392200 |
| Pension For Unmarried Woman Aged Above 50 | 81600 | 108000 |
| Pension For Physically/Mentally Challenged | 851800 | 1199200 |

16.തൻവർഷത്തെ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint Venture Projects From District Panchayaths എന്നായിനത്തിൽ 319814/-രൂപ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പദ്ധതി ചെലവ് പത്രിക പ്രകാരം ഈ ഇനത്തിലുള്ള ചെലവ് 1059839/-രൂപയാണ്.

17.തൻവർഷത്തെ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint Venture Projects From Block Panchayaths എന്നായിനത്തിൽ 345787/-രൂപ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പദ്ധതി ചെലവ് പത്രിക പ്രകാരം ഈ ഇനത്തിലുള്ള ചെലവ് 518980/-രൂപയാണ്.

17. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-10 പ്രകാരം Recovery From Employees- Audit Recovery Based On Charge Certificates എന്നായിനത്തിൽ കാണിച്ചിട്ടുള്ള തുകകൾ യഥാർത്ഥത്തിൽ ചാർജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടുള്ള തുകകളല്ല മറിച്ച് ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടുള്ള തുകകളാണ്.18.സംയുക്ത പ്രോജക്ടുകൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവു ചെലവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7368751 |
| വരവ് | 40601907 |
| ആകെ | 47970658 |
| ചെലവ് | 38687011 |
| നീക്കിയിരിപ്പ് | 9283647 |
| വരവിനങ്ങളിലെ നഷ്ടം | 333 |
| ചെലവിനങ്ങളിലെ നഷ്ടം | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 485021 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 14592171 | 14592171 | 1270829 | 5585083 | 9007088 |
| വികസന ഫണ്ട് (എസ്.സി.പി.) | | 3541588 | 3541588 | 29412 | 1348839 | 2192479 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 118900 | 118900 | -- | -- | 118900 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 9972000 | 9972000 | -- | 5639683 | 4332317 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 3251000 | 3251000 | -- | 1549701 | 1701299 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 7746910 | 7746910 | -- | 2576526 | 5170384 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (1270829/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 14592171 | 14592171 | 6505212 | 8086959 |
| യഥാർത്ഥ തുക | 0 | 15863000 | 15863000 | 6855912 | 9007088 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (29412/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 3541588 | 3541588 | 1378251 | 2163337 |
| യഥാർത്ഥ തുക | 0 | 3571000 | 3571000 | 1378251 | 2192749 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 75273658 | 95 | 27653227 | - | 84 | 53.07 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4001 | 1594327 | 1598328 | 1329401 | 268927 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 29396599 | 29396599 | 29396599 | |

വാർഷിക കണക്കും എൻ.ആർ.ഇജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15000 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 7225800 | 925 |
| വിധവാപെൻഷൻ | 2392200 | 338 |
| വാർദ്ധക്യകാലപെൻഷൻ | 5166300 | 631 |
| വികലാംഗപെൻഷൻ | 1199200 | 149 |
| അവിവാഹിത പെൻഷൻ | 108000 | 149 |

വാർഷിക കണക്കും സേവനയിൽ നിന്നുള്ള ക്ഷേമ പെൻഷൻ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ സേവനയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 27.12.2021, 3pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 5774/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ തികഞ്ഞ അലംഭാവം ഉള്ളതായി കാണുന്നു. വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വരവുകൾ കൃത്യമായി വരവ് വയ്ക്കുന്നതിലും, സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ ചെലവുകൾ രേഖപ്പെടുത്തുന്നതിലും ഉള്ള വീഴ്ചകൾ ഏതാനും ഉദാഹരണം മാത്രം. വാർഷിക കണക്കിലെ ന്യൂനതകൾ വിശദമായി ഖണ്ഡിക 1-2-1-ൽ പ്രതിപാദിച്ചിട്ടുണ്ട്. പുതുതായി സ്ഥാനക്കയറ്റം ലഭിച്ച വരുന്ന അക്കൌണ്ടന്റ്മാർക്ക് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള അക്കൌണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടിന്റെ മതിയായ സഹായം ലഭിച്ചിട്ടില്ലായെന്ന് അക്കൌണ്ട്സിലെ ന്യൂനതകളിൽ നിന്നും ബോധ്യമാവും. ലൈഫ് വായ്പയിനത്തിൽ എടുത്ത തുകകൾ, തിരിച്ചടച്ച തുകകൾ എന്നിവ പോലും കൃത്യമായി രേഖപ്പെടുത്തപ്പെടുന്നില്ലായെന്നത് ഈ

വിഷയത്തിലെ ഗൌരവം വർദ്ധിപ്പിക്കുന്നു. ഈ വിഷയത്തിൽ ഉചിതമായ പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി നിർണ്ണയം - ആവശ്യമായ വർദ്ധനവില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്ഥമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പേര്/വിലാസം | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | തുളസീദാസൻ പിള്ള,ലാൽ ഭവൻ 10/42A | 139.21ച.മീ, വാസഗൃഹം | 139.21 @6=835.26 ഇളവുകൾ തൃതീയം- 20% 1.5 മീറ്ററിൽ കുറവ് വഴി സൌകര്യം = 10% ആകെ ഇളവ്=250.8 ആകെ നികുതി=584 | 139.21@6=835.26 മേഖല ഇളവ് 20% =167 ആകെ നികുതി=668 | 84 |
| 2 | തങ്കമ്മ, ജിസ്റ്റോമോൻ, കൈതാരം, 6/127A | 207.39 ച.മീ വാസഗൃഹം | 207.39 @6=1244 തൃതീയം- 20% =248.87 ആകെ നികുതി=995 | 207.39 @6=1244 തൃതീയം- 20% =248.87 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം +20% =248.87 ആകെ നികുതി =1244 | 249 |

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം (9/4.1.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണ്ണയിച്ചതിൽ കുറവ് വന്ന 333/-രൂപ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയില്ല.

1)മാവേലിസ്റ്റോർ നീലംപേരൂർ, ഈര ക്ഷീരോല്പ്പാദക സഹകരണ സംഘം എന്നീസ്ഥാപനങ്ങളിലെ ജീവനക്കാരുടെ

രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നുംഗ്രാമ പഞ്ചായത്തിലെ വിവിധതരം പ്രവൃത്തികൾ കരാർ പ്രകാരം ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2)താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ലഭിച്ചിട്ടില്ല

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ,കൈനടി | I & II |
| 2 | സൌത്ത് ഇൻഡ്യൻ ബാങ്ക് നീലംപേരൂർ | I & II |
| 3 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കൈനടി 3814 | I & II |
| 4 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീലംപേരൂർ | II |
| 5 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെറുകര 1723 | I &II |
| 6 | മാവേലി സ്റ്റോർ | I & II |
| 7 | ക്ഷീരോല്പ്പാദക സഹകരണസംഘം ഈര | I & II |

3)ഡിവൈൻ റബ്ബർ പ്രോഡക്ട്സ്, ഡിവൈൻ മാർക്കറ്റിംഗ്, മരിയ റബ്ബർ പ്രോഡക്ട്സ്, ഐശ്വര്യ റബ്ബേഴ്സ് തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിൽ ഒന്നിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതായാണ് ലൈസൻസിനുള്ള അപേക്ഷകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഈ സ്ഥാപനങ്ങളെ ഡിമാന്റിലുൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും നികുതി ഈടാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/1.1.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

## 1-12 സ്ട്രീറ്റ് വാട്ടർ ചാർജ്ജ്-കുടിശ്ശിക പെരുകുന്നു

നീലംപേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പൊതുടാപ്പുകൾ വഴിയുള്ള കുടിവെള്ള വിതരണം നടത്തുന്ന വകയിൽ ജല അതോറിറ്റിക്ക് ഭീമമായ തുകയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്. 01.04.2019 ൽ 653505/- രൂപ ആയിരുന്ന കുടിശ്ശിക 31.03.2021-ൽ 1015521/- രൂപയായി വർദ്ധിച്ചിരിക്കുകയാണ്. പ്രതിമാസ തുകയായ 8750/- രൂപ മാത്രമാണ് അതതു മാസങ്ങളിൽ ഒടുക്കി വരുന്നത്. പിഴപ്പലിശ ഉൾപ്പെടെ വലിയ വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിലുടനീളം വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 2019-20 കാലയളവിൽ പ്രോജക്ട് നമ്പർ 46/20 പ്രകാരം 1007541/- രൂപയും 2020-21 കാലയളവിൽ 168/21, 267/21, 28/21 എന്നീ പദ്ധതികൾ മുഖേന 1997016/- രൂപയും ചെലവഴിച്ചിട്ടുള്ളതിന്റെ പുറമെയാണ് വാട്ടർ അതോറിറ്റിക്ക് ഭീമമായ കുടിശ്ശിക ഉണ്ടായിട്ടുള്ളത്. 20 പൊതുടാപ്പുകൾ മാത്രമാണ് ആകെ ഉള്ളതെന്ന് രേഖകളിൽ കാണിച്ചിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമാണോയെന്ന കാര്യത്തിൽ ഉറപ്പില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.07/03.01.2022) സെക്രട്ടറി നൽകിയ മറുപടിയിൽ ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും അതു സംബന്ധിച്ച റിപ്പോർട്ട് അവിടെനിന്നും ലഭിച്ചിട്ടില്ലെന്നു പറഞ്ഞിരിക്കുന്നു. ആയതിലേയ്ക്ക് കത്തിടപാടുകൾ നടത്തിവരുന്നതായും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിന് ഭീമമായ ബാദ്ധ്യത ഉണ്ടാകുന്ന പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-മുൻകൂർ കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല

എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം. 122/20) പഠനമുറി നിർമ്മാണത്തിനായി ബിൽ നം. 144/20 തീയതി. 30.01.2020 പ്രകാരം ശ്രീ. ബിജു. വി.ജി എന്നയാൾക്ക് 50000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ

മുൻകൂർ നൽകിയ തുക ടിയാനിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ 03.01.2022-ലെ 06 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഗുണഭോക്താവും ഗ്രാമപഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ പ്രകാരം 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ മുൻകൂറായി നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

പഞ്ചായത്തിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളും മരണപ്പെട്ടവരുടെ വിവരങ്ങളും ഒത്തുനോക്കിയതിൽ പെൻഷൻ സസ്പെൻഡ് ചെയ്തിരിക്കുന്നതിൽ വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | മരിച്ച/ സസ്പെൻഡ് ചെയ്ത തീയതി/ കാലതാമസം | ആധാർ നം. | പെൻഷൻതരം /ഐഡി/ അക്കൌണ്ട് മോഡ് | നൽകിയ തുക |
|---|---|---|---|---|---|
| 1 | ത്രേസ്യാമ്മ ചാക്കോ, വെല്ലുത്തറ | 6.1.2020/ 11.9.2020 8 മാസം | 702509823021 | കർഷകത്തൊഴിലാളി പെൻഷൻ /104600101384 ബാങ്ക് അക്കൌണ്ട് | 8900/- |
| 2 | ത്രേസ്യാമ്മ മത്തായി, നടുവിലെ മംഗലം | 4.3.2020/ 16.9.2021 6 മാസം | 873194941152 | വാർദ്ധക്യകാല പെൻഷൻ 104600200228 | 26000/-രൂപ സഹകരണ ബാങ്കിന് കൈമാറി |
| 3 | സുഭദ്രാമ്മ കോലത്ത് | 15.4.2019/ 19.7.2021 27മാസം | 209387300093 | കർഷകത്തൊഴിലാളി പെൻഷൻ/ 104600100635 ഡയറക്റ്റ് ടു ഹോം | മസ്റ്ററിംഗ് നടത്താത്തിനാൽ പെൻഷൻ തടഞ്ഞുവച്ചിരുന്നു. |
| 4 | ചാണ്ടി ജോസഫ് , പാമ്പോറ്റിത്തറ | 15.10.2019/ 19.7.2021 21 മാസം | 419984866948 | കർഷകത്തൊഴിലാളി പെൻഷൻ/ 104600100602 ഡയറക്റ്റ് ടു ഹോം | " |
| 5 | ചെല്ലമ്മ, എൺപതിൽച്ചിറ | 2.10.2019/ 19.7.2021 21മാസം | 969040894883 | കർഷകത്തൊഴിലാളി പെൻഷൻ/ 104600100502 ഡയറക്റ്റ് ടു ഹോം | " |
| 6 | കാർത്ത്യായനി, നെടുമ്പുഴി | 10.5.19/ 19.7.2021 26 മാസം | 800990839292 | കർഷകത്തൊഴിലാളി പെൻഷൻ/ 104600100517 ഡയറക്റ്റ് ടു ഹോം | " |
| 7 | കുഞ്ഞമ്മ, അമ്പതിൽച്ചിറ | 2.8.2019/ 19.7.2021 23 മാസം | 329172683293 | കർഷകത്തൊഴിലാളി പെൻഷൻ/ 104600100296 ഡയറക്റ്റ് ടു ഹോം | " |
| | | | | | 8900/- |

ഗുണഭോക്താക്കൾ മരണപ്പെട്ടുകഴിഞ്ഞാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണ്. എന്നാൽ

പഞ്ചായത്തിൽ ഇതിന് വളരെയധികം കാലതാമസമുള്ളതായി കാണുന്നു. പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കുവാനും അനന്തരവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പെൻഷൻ തുകയായ 8900/- തിരികെ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 13/4.1.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുണ്ട്. പുനർവിവാഹം, മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരാവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരാവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

- സഹകരണ ബാങ്കിന് കൈമാറിയിരിക്കുന്ന 26000/- രൂപ, ഗുണഭോക്താവിന്റെ പേര്, പെൻഷൻ അനർഹമായി കൈപ്പറ്റിയ കാലയളവ്, കൈപ്പറ്റിയ തുക എന്നിവ കേരളബാങ്കിലേക്ക് തിരിച്ചടച്ച തുകയുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽഅറിയിക്കേണ്ടതാണ്.
- അനന്തരാവകാശികൾ കൈപ്പറ്റിയ 8900/- രൂപ തിരികെ ഈടാക്കി കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് ഒടുക്കുവരുത്തിയതിന്റെ വിവരം അറിയിക്കുന്നതുവരെ ടി തുക സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-15 കാലിത്തീറ്റ സബ്സിഡി- സബ്സിഡിയിൽ അധികരിച്ച് തുക നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ 2019-20 ൽ നിർവഹണം നടത്തിയ പ്രോജക്ടിലുൾപ്പെടുത്തി ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ഈര ക്ഷീരോല്പ്പാദക സഹകരണ സംഘത്തിന് 3 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

| പ്രോജക്ടിന്റെ നം, പേര് | ബിൽ നം./തീയതി, | തുക |
|---|---|---|
| 53/20ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി,<br>അടങ്കൽ-300000/-<br>വികസന.ഫണ്ട്(ജനറൽ) | 1)BRN1960452019700777836/5.11.2019<br>2)BRN19060452019700964794/19.12.2019<br>3)BRN1900452019701163778/28.1.2020 | 119600/-<br>67000/-<br>113400/ |

സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് പരമാവധി 10000/-രൂപയും എസ്.സി വിഭാഗത്തിന് പരമാവധി 12000/- രൂപയുമാണ് സബ്സിഡി നൽകാവുന്നത്. താഴെ കൊടുത്തിരിക്കുന്ന കർഷകർക്ക് നൽകിയിരിക്കുന്ന തുകയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും എസ്.സി വിഭാഗത്തിൽ ഉൾപ്പെടുന്നവരുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7/4.1.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | പേര് | തുക | അധികം നൽകിയ തുക |
|---|---|---|---|
| 1 | മാത്യൂ തോമസ് | 11940 | 1940 |
| 2 | മഹേഷ്.എസ് | 11940 | 1940 |
| 3 | രാധാമണി | 11940 | 1940 |
| -4 | രാജാമണി | 11940 | 1940 |
| 5 | ഭാസ്കരൻപിള്ള | 11270 | 1270 |
| 6 | സോമനാഥക്കുറുപ്പ് | 11270 | 1270 |
| 7 | മധു .എൻ | 11940 | 1270 |
| 8 | പുഷ്പകുമാരി | 11270 | 1270 |
| 9 | രജനി രവി | 11270 | 1270 |
| 10 | മിനി രമേശൻ | 11270 | 1270 |
| 11 | അമ്പിളി | 11270 | 1270 |
| 12 | ഗീത സനീഷ് | 11270 | 1270 |
| 13 | അംബിക | 11270 | 1270 |

| | | | |
|---|---|---|---|
| 14 | രമണി | 11270 | 1270 |
| 15 | ശാന്തമ്മ | 11270 | 1270 |
| ആകെ | | | 21730 |

വിശദീകരണം/രേഖകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ സബ്സിഡിയിൽ അധികരിച്ച് നൽകിയ 21730/- രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

## 1-16 ചെലവ് വിവരങ്ങളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ ക്കായി സുലേഖ ചെലവ് പത്രിക പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവ് വിവരങ്ങളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ട്രഷറി ബിൽബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നതിനാൽ ബിൽ നമ്പർ, ചെലവ് ചെയ്ത തിയതി എന്നിവ ലഭ്യമല്ല.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ഫണ്ടിനം | ചെലവ് തുക | ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
|---|---|---|---|---|---|
| 1 | 91/20,പി.എച്ച്.സി ആശുപത്രിയുടെ അനുബന്ധചെലവുകൾ | 40000 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 37878 | - |
| 2 | 123/20, ബഡ്സ് സ്കൂളിൽ ഫിസിയോ തെറാപ്പി സൗകര്യം | 100000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 | - |
| 3 | 168/20ബഡ്സ് സ്കൂളിൽ ഫിസിയോ തെറാപ്പി സൗകര്യം | 160000 | വികസന ഫണ്ട് പൊതുവിഭാഗം | 154000 | - |
| | ആകെ | | | 291878/- | |

ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 291878/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/4.1.2022)മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1, 2116-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തിയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | 146/20 ഹോമിയോ ആശുപത്രി മെയിന്റനൻസ് | ടോജോ ദേവസ്യ 50,000/- | 28.9.18 3മാസം | 27.12.18 | 1.6.19 | 5 മാസം 3ദിവസം | 28.12.18 മുതൽ 27.3.19 വരെ- 50,000x1%= 500/-<br>28.3.19 മുതൽ 31.5.19 വരെ- (50000x2x63)÷(90x100)= 700<br>ആകെ 1200 | 19/ 26.12.19 41889/- |

മേൽ പ്രവൃത്തിയിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് കേരള പി.ഡബ്ല്യു.ഡി. മാനുവൽ സെക്ഷൻ 2112-1 പ്രകാരം ആകെ ബില്ലിൽ നിന്നും ഫൈൻ തുക കുറവ് ചെയ്ത് പിൻവലിച്ചതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക നഷ്ടമായി. റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഇനത്തിൽ 855/-രൂപ കണക്കാക്കി ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനാൽ വർഷാവസാനം ലാപ്സായ തുകയോടൊപ്പം മേൽ തുകയും നഷ്ടമായി. ആയതിനാൽ ഫൈൻ ഇനത്തിൽ ആകെ കുറവ് വന്ന 1200/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (5/3.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-18 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് പ്രകാരമുള്ള നിശ്ചിത തിയതികള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതായി കാണുന്നില്ല. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്നുള്ള 10 ദിവസത്തിനുള്ളിൽ പി.എ.സിയുടെ 1% പിഴയോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി | നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ട ഫൈൻ (1%x PAC) | ബിൽ നമ്പർ- |
|---|---|---|---|---|---|---|---|
| 1 | 45/2020 ഷീബാലയം നടുവിലേപറമ്പ് റോഡുയർത്തൽ | വി.ഡി.സനൽകുമാർ 142669/- | 18.9.2019 | 04.10.2019 | 01.11.2019 (36/ AE/19-20) | 1427/- | 36/ 03.1.20, 159789/- |
| 2 | 156/20 കൈനടി പാർട്ടി ഓഫീസ് ഊരാഴ്മ നടപ്പാത കോൺക്രീറ്റിംഗ് | മധുസൂദനൻ 2,00,000/- | 18.9.2019 | 04.10.2019 | 01.11.2019 (38/ AE/19-20) | 2000/- | 33/ 29.1.20, 195597/- |
| 3 | 70/20 വള്ളികുന്നം ലക്ഷംവീട് നടപ്പാത കോൺക്രീറ്റിംഗ് | റെജിമോൻ ഏലിയാസ് 150000/- | 18.9.2019 | 04.10.2019 | 30.10.2019 ( 33/ AE/19-20) | 1500/- | 25/ 14.1.20, 148618/- |
| ആകെ | | | | | | 4927/- | |

മേൽ സൂചിപ്പിച്ച വിധം നിമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കാതിരുന്നതുമൂലം ആകെ കുറവ് വന്ന 4927/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (4/3.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-19 ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു

വർക്ക് കോഡ്- RC/292191

കോക്കംപാടം പരവഞ്ചേരി റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ-450001

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20ൽ നടപ്പിലാക്കിയ കോക്കംപാടം പരവഞ്ചേരി റോഡ്

കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 32/20-21 പ്രകാരം 130.5മീറ്റർ നീളത്തിൽ ശരാശരി 3.2 മീറ്റർ വീതിയിൽ 0.10 മീറ്റർ കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 43.5$m^3$ ചെയ്തിട്ടുണ്ട്. ആയത് എസ്റ്റിമേറ്റ് അളവായ 37.8$m^3$ ൽ പരിമിതപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. 43.5$m^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65$m^3$ എന്ന നിരക്കിൽ 28.275$m^3$ 40mm മെറ്റൽ ആവശ്യമാണ്. മെറ്റീരിയൽ സ്റ്റാക്ക് രജിസ്റ്റർ പ്രകാരം 30$m^3$, 40mm മെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 27.75$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (8/4.1.22) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാക്ക് ചെയ്ത മെറ്റീരിയലിന്റെ അളവ് കുറവായിരുന്നെന്നും പ്രവത്തി നടത്തിയപ്പോൾ മറ്റ് സൈറ്റുകളിൽ നിന്നും മെറ്റീരിയൽ എത്തിച്ച് പ്രവത്തി പൂർത്തിയാക്കിയെന്നും പറഞ്ഞിരിക്കുന്നു. പ്രവത്തിയുടെ അളവ് രേഖപ്പെടുത്തുന്ന അളവ് പുസ്തകത്തിലോ മെറ്റീരിയൽ സ്റ്റാക്ക് രജിസ്റ്ററിലോ മറ്റ് അനുബന്ധ ഫയലുകളിലോ ഒന്നും തന്നെ പ്രസ്തുത വിവരങ്ങൾ ചേർത്തിട്ടില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. റോഡ് കോൺക്രീറ്റിംഗ് പോലുള്ള നിർമ്മാണ പ്രവൃത്തികളിൽ ബന്ധപ്പെട്ട സ്പെസിഫിക്കേഷൻ അനുസരിച്ച് ആവശ്യമായ മെറ്റീരിയൽസ് ഉപയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 അംഗൻവാടി ജീവനക്കാരുടെ വേതനം - പ്രാദേശിക സർക്കാർ വിഹിതം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയില്ല

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിൽ നിന്നും നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സർക്കാർ നിർദേശിച്ചിരുന്നു. ആയത് പ്രകാരം നീലംപേരൂർ ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും അംഗൻവാടി ജീവനക്കാരുടെ 2019-20 വർഷങ്ങളിലെ പ്രതിഫല ഇനത്തിലെ പഞ്ചായത്ത് വിഹിതം 700800/- രൂപ നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുന്നതിന് താഴെപ്പറയുന്ന ഉത്തരവുകളിൽ നിർദേശിച്ചിരുന്നു.

| അലോട്ട്മെന്റ് ഉത്തരവ് നം. | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2019-20 |
|---|---|
| ജി.ഒ(ആർ.റ്റി) നം.2772/2019 ഫിൻ തീ.03.04.2019 | 233600 |
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 233600 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 233600 |

എന്നാൽ നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം മേൽ ഉത്തരവുകൾ പ്രകാരമുള്ള തുകയിൽ 350400/- രൂപ (പ്രോജക്ട് നം.28/20) മാത്രമാണ് തൻവർഷം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയത്. അവശേഷിക്കുന്ന 350400/- രൂപ തൻവർഷം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയിട്ടില്ല. വികസന ഫണ്ട് പൊതു വിഭാഗത്തിൽ തൻവർഷം അലോക്കേറ്റ് ചെയ്ത തുകയിൽ 9007088/- രൂപ ലാപ്സായി പോയിരുന്നു. അതത് വർഷത്തേയ്ക്കുള്ള തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ലായെങ്കിൽ തുടർ വർഷത്തെ അലോക്കേഷനിൽ നിന്നും ഈ തുക കിഴിവ് ചെയ്തതിനു ശേഷമെ വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിലുള്ള അലോക്കേഷൻ അനുവദിക്കാറുള്ളൂ. വികസന ഫണ്ടിൽ മതിയായ ഫണ്ടുണ്ടായിട്ടും അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കാതിരുന്നതിനാൽ തുടർ വർഷങ്ങളിലെ അലോക്കേഷനിൽ പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാമായിരുന്ന 350400/- രൂപയുടെ കുറവ് വരാൻ കാരണമാകും.

## 1-21 കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ - ഉപകരണങ്ങൾ പൂർണമായും ലഭ്യമാവാത്തത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : പഞ്ചായത്തിനും അനുബന്ധ സ്ഥാപനങ്ങൾക്കും കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ

പ്രോജക്ട് നം. : 162/2020

അടങ്കൽ : മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം- 301000/-രൂപ

ചെലവ് : 293233/- രൂപ (1.ട്രഷറി ബിൽ നം.19 തീയതി.22.12.2019)

നിർവഹണം: സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലേയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം ആവശ്യമായ കംപ്യൂട്ടറുകളും പ്രിന്ററുകളും വിതരണം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് 293233/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ആകെ 100090/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് പഞ്ചായത്തിലേയ്ക്ക് നല്കിയിട്ടുള്ളത്. 193143/-രൂപ വിലയ്ക്കുള്ള കംപ്യൂട്ടറുകൾ ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീ) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത ഉപകരണങ്ങളുടെ വിലയായി നല്കിയ തുക 193143/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പഞ്ചായത്തിന്റെ ചെലവുകളെല്ലാം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതു സംബന്ധിച്ച്

1. ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീയതി.21.12.2019 പ്രകാരം വികസന ഫണ്ടിനത്തിൽ അലോക്കേറ്റ് ചെയ്തിരുന്ന തുകയിൽ നിന്നും അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും 2018-19-ലെ പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം 350400/- രൂപ കുറവു ചെയ്തിരുന്നു. നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത തുകയ്ക്കനുസൃതമായി ജി.ഒ പ്രോജക്ട് രൂപീകരിക്കാതിരുന്നതു മൂലം ടി തുക പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

2. ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീയതി.21.12.2019, ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീയതി.01.08.2019 എന്നിവ പ്രകാരം വികസന ഫണ്ടിനത്തിൽ അലോക്കേറ്റ് ചെയ്തിരുന്ന തുകയിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്നും കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (KURDFC) മുഖേന എടുത്ത വായ്പയുടെ മുതൽ തിരിച്ചടയ്ക്കുന്നതിനായി ആകെ 897059/-രൂപ കുറവ് ചെയ്തിരുന്നു. നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത തുകയ്ക്കനുസൃതമായി ജി.ഒ പ്രോജക്ട് രൂപീകരിച്ച് ചെലവ് രേഖപ്പെടുത്തിയപ്പോൾ ആകെ 896759/-രൂപ മാത്രമാണ് രേഖപ്പെടുത്തിയത്. തന്മൂലം ടി പ്രോജക്ടിൽ 300/-രൂപ കുറവായാണ് പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നിരിക്കുന്നത്.

പഞ്ചായത്തിന്റെ ചെലവുകളെല്ലാം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതു മൂലം തൻവർഷത്തെ പദ്ധതി ചെലവ് പത്രികയിലും, ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും തെറ്റുകൾ കടന്നു കൂടിയിരിക്കുന്നു. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനവിനിയോഗ സാക്ഷ്യപത്രം-ഹാജരാക്കാത്തത് സംബന്ധിച്ച്.

പ്രോജക്ടിന്റെ പേര് : കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുക നല്കൽ

പ്രോജക്ട് നം. : 4/2020

അടങ്കൽ : വികസനഫണ്ട് - 100000/-രൂപ

ചെലവ് : 100000/- രൂപ (ട്രഷറി ബിൽ നം.12 തീയതി.30.08.2019)

നിർവഹണം: സെക്രട്ടറി

നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുക നല്കൽ എന്ന പദ്ധതി പ്രകാരം 100000/- രൂപ മേൽ ട്രഷറി ബിൽ പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീ. ) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (100000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി നിർണ്ണയം - ആവശ്യമായ വർദ്ധനവില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം

അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്ഥമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പേര്/വിലാസം | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | തുളസീദാസൻ പിള്ള,ലാൽ ഭവൻ 10/42A | 139.21ച.മീ, വാസഗൃഹം | 139.21 @6=835.26 ഇളവുകൾ തൃതീയം- 20% 1.5 മീറ്ററിൽ കുറവ് വഴി സൌകര്യം = 10% ആകെ ഇളവ്=250.8 ആകെ നികുതി=584 | 139.21@6=835.26 മേഖല ഇളവ് 20% =167 ആകെ നികുതി=668 | 84 |
| 2 | തങ്കമ്മ, ജിസ്റ്റോമോൻ, കൈതാരം, 6/127A | 207.39 ച.മീ വാസഗൃഹം | 207.39 @6=1244 തൃതീയം- 20% =248.87 ആകെ നികുതി=995 | 207.39 @6=1244 തൃതീയം- 20% =248.87 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം +20% =248.87 ആകെ നികുതി =1244 | 249 |

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം (9/4.1.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണ്ണയിച്ചതിൽ കുറവ് വന്ന 333/-രൂപ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിത്തീറ്റ സബ്സിഡി-സബ്സിഡിയിൽ അധികരിച്ച് തുക നൽകി

ഡയറി ഫാം ഇൻസ്പക്ടർ 2019-20 ൽ നിർവഹണം നടത്തിയ പ്രോജക്ടിലുൾപ്പെടുത്തി ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ഈര ക്ഷീരോല്പ്പാദക സഹകരണ സംഘത്തിന് 3 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

| പ്രോജക്ടിന്റെ നം, പേര് | ബിൽ നം,തീയതി, | തുക |
|---|---|---|
| 53/20 ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി, അടങ്കൽ-300000/- വികസന.ഫണ്ട്(ജനറൽ) | 1)BRN19604520197007777836/5.11.2019<br>2)BRN19060452019700964794/19.12.2019<br>3)BRN190045201970116377 8/28.1.2020 | 119600/-<br>67000/-<br>113400/ |

സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് പരമാവധി 10000/-രൂപയും എസ്.സി

വിഭാഗത്തിന് പരമാവധി 12000/- രൂപയുമാണ് സബ്സിഡി നൽകാവുന്നത്. താഴെ കൊടുത്തിരിക്കുന്ന കർഷകർക്ക് നൽകിയിരിക്കുന്ന തുകയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും എസ്.സി വിഭാഗത്തിൽ ഉൾപ്പെടുന്നവരുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7/4.1.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

| ക്രമ നം | പേര് | തുക | അധികം നൽകിയ തുക |
|---|---|---|---|
| 1 | മാത്യൂ തോമസ് | 11940 | 1940 |
| 2 | മഹേഷ്.എസ് | 11940 | 1940 |
| 3 | രാധാമണി | 11940 | 1940 |
| -4 | രാജാമണി | 11940 | 1940 |
| 5 | ഭാസ്കരൻപിള്ള | 11270 | 1270 |
| 6 | സോമനാഥക്കുറുപ്പ് | 11270 | 1270 |
| 7 | മധു.എൻ | 11940 | 1270 |
| 8 | പുഷ്പകമാരി | 11270 | 1270 |
| 9 | രജനി രവി | 11270 | 1270 |
| 10 | മിനി രമേശൻ | 11270 | 1270 |
| 11 | അമ്പിളി | 11270 | 1270 |
| 12 | ഗീത സനീഷ് | 11270 | 1270 |
| 13 | അംബിക | 11270 | 1270 |
| 14 | രമണി | 11270 | 1270 |
| 15 | ശാന്തമ്മ | 11270 | 1270 |
| ആകെ | | | 21730 |

വിശദീകരണം/രേഖകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ സബ്സിഡിയിൽ അധികരിച്ച് നൽകിയ 21730/- രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (എസ്.സി) | 40000 | |
| | സാന്ത്വന പരിചരണം | 100000 | |
| | ലൈഫ് ഭവന പദ്ധതി | 205000 | |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75000 | |
| | വൃദ്ധർക്ക് കട്ടിൽ | 98980 | |
| | | | |
| ജില്ലാ പഞ്ചായത്ത് | എസ്.സി പഠനമുറി | 785000 | |
| | അനുപൂരക പോഷകാഹാരം | 199839 | |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75000 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1740000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 1740000 | 11804320 | 926471 | | 12617849 |

വാർഷിക കണക്കും ലോൺ രജിസ്റ്ററും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ ലോൺ രജിസ്റ്ററിലെ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം 19-20

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40601907 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38687011 |
| വരവിനങ്ങളിലുള്ള നഷ്ടം | 333 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21730 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 485021 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 333 | -- | ശ്രീ.ഷേയ്ക്ക്ബിജു.സി.എസ്, സെക്രട്ടറി |
| 3-1 | | 21730 | രാജിമോൾ.ആർ. ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 333 | 21730 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-16 | 291878 | ശ്രീമതി.എലിസബത്ത് രാജൻ<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-21 | 193143 | ശ്രീ.ഷേയ്ക്ക്ബിജു.സി.എസ്, സെക്രട്ടറി |
| ആകെ | 485021 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷേയ്ക്ക്ബിജു.സി.എസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് | അമീൻ മൻസിൽ<br>സക്കറിയ ബസാർ<br>വാർഡ്<br>ആലപ്പുഴ |
| ശ്രീമതി.എലിസബത്ത് രാജൻ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | കാനത്തോട്<br>പെരുന്ന പി.ഒ<br>ചങ്ങനാശ്ശേരി |
| രാജിമോൾ.ആർ<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>വെളിയനാട് ബ്ലോക്ക് | നന്ത്യാട്ട് മഠം<br>തലവടി.പി.ഒ.<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്.എ 14/1264/04, തീയതി – 07.12.2004 |
| 1994-95 | എൽ.എഫ്.എ 14/1265/04 തീയതി 06.11.2004 |
| 1995-96 | എൽ.എഫ്.എ 10/131/05 തീയതി 08.08.2005 |
| 1997-98 | എൽ.എഫ്.എ 10/203/03 തീയതി 03.08.2005 |
| 1997-98 (ചെലവ്) | എൽ.എഫ്.എ 4/303/01 തീയതി 02.03.2002 |
| 1998-99 (ചെലവ്) | എൽ.എഫ്.എ 4/11160/02 തീയതി 10.03.2003 |
| 2000-01 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 05.05.2004/01.07.2004 |
| 2001-02 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 05.05.2004/01.07.2004 |

| | |
|---|---|
| 2002-03 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2003-04 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2004-05 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2005-06 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2006-07 മുതൽ 2009-10 | എൽ.എഫ്.എ.പി 5/575/14 തീയതി 09.05.2014/10.06.2014 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി 10/1519/13 തീയതി 01.04.2014/03.06.2014 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-പി.10/1389/15 തീയതി 12.01.2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.10/134/17 തീയതി 08.02.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.10/1324/17 തീയതി 04.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.9/229/19 തീയതി 11.04.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.10/404/20 തീയതി 09.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്